# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2576 — 09-07-2015 -ൽ മറുപടിക്ക്

## തൃക്കരിപ്പൂർ മണ്ഡലത്തിൽ തൂക്കു പാലങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | ദുരന്ത നിവാരണ വകുപ്പ് മുഖേന തൃക്കരിപ്പൂർ മണ്ഡലത്തിൽ പണിത രണ്ട് തൂക്കു പാലങ്ങളിൽ ഒന്ന് തകർന്നതും രണ്ടാമത്തേത് പണി നിർത്തിവച്ചതുമായ നടപടി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലങ്ങൾ പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ; പാലം തകർന്നതു സംബന്ധിച്ച അന്വേഷണങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ? | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാടക്കൽ പാലത്തിലുണ്ടായ വിനോദസഞ്ചാരികളുടെ അധികപ്രവാഹം കണക്കിലെടുത്ത് പടന്ന കടപ്പുറത്ത് നിർമ്മിക്കുന്ന പാലത്തിന്റെ ശേഷി വർദ്ധിപ്പിക്കണമെന്ന് പൊതുജനങ്ങളും, ജനപ്രതിനിധികളും, മറ്റ് സാങ്കേതിക വിദഗ്ധരും ആവശ്യപ്പെടുകയുണ്ടായതിനാൽ, ഈ നിർദ്ദേശം പരിഗണിച്ച് പുനർ രൂപകല്പന തയ്യാറാക്കി വരികയാണ്. മാടക്കൽ തൂക്കു പാലം തകർന്നത് സംബന്ധിച്ച കാര്യത്തിൽ കാസറഗോഡ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് വിജിലൻസ് അന്വേഷണം നടത്തി വി.സി.3/2014/കെ,എസ്.ഡി ആയി കേസ്സ് രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ